**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6697** **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ എൻ എ നെല്ലിക്കുന്ന്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ മാസത്തിന്റെ ആദ്യ ദിവസങ്ങളിൽ തന്നെ വിതരണം ചെയ്യുന്നുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ എല്ലാ മാസവും പരമാവധി ആദ്യവാരം തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 2021 ഒക്ടോബർ മാസത്തെ പെൻഷൻ 2021 നവംബർ മാസം ആദ്യ വാരത്തിലാണ് വിതരണം ചെയ്തത്. |
| (ബി) | 2021 ഒക്ടോബർ മാസത്തെ പെൻഷൻ എന്നാണ് വിതരണം ചെയ്തത്; | (ബി) | കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ എല്ലാ മാസവും പരമാവധി ആദ്യവാരം തന്നെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. 2021 ഒക്ടോബർ മാസത്തെ പെൻഷൻ 2021 നവംബർ മാസം ആദ്യ വാരത്തിലാണ് വിതരണം ചെയ്തത്. |
| (സി) | പെൻഷൻ വിതരണം മുടങ്ങിയതിന്റെ കാരണം വിശദമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും, തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാവുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകൈ എടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാർ തന്നെ സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഈ ധാരണ അനുസരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം വഴി കഴിഞ്ഞ തവണ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്ത പെൻഷൻ തുക സർക്കാരിൽ നിന്നും കാർഷിക സംഘങ്ങൾക്ക് അനുവദിക്കുന്നതിൽ നേരിയ കാലതാമസം നേരിട്ടുകയുണ്ടായി. നിലവിൽ ടി കുടിശ്ശിക തുക സർക്കാർ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് അനുവദിക്കുകയും തുടർന്ന് നവംബർ ആദ്യ വാരത്തോടെ 2021 ഒക്ടോബർ മാസത്തെ പെൻഷൻ വിതരണം ചെയ്തിട്ടുമുണ്ട്. |
| (ഡി) | മാസാദ്യങ്ങളിൽ തന്നെ പെൻഷൻ വിതരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | നിലവിൽ കെ.എസ്.ആർ.ടി.സി. നേരിട്ടല്ല പെൻഷൻ വിതരണം നടത്തുന്നത്. പ്രാഥമിക കാർഷിക സഹകരണസംഘങ്ങളുടെ കൺസോർഷ്യം വഴി വിതരണം ചെയ്യുന്ന പെൻഷൻ, സ്വാഭാവിക നടപടിക്രമങ്ങൾ പൂർത്തിയാക്കി പരമാവധി എല്ലാ മാസത്തിലെയും ആദ്യ പ്രവർത്തിദിനങ്ങളിൽ തന്നെ വിതരണം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ